# മതിയമ്പത്ത് എം.എൽ.പി സ്കൂൾ

## മേക്കുന്ന്

## ചൊക്ലി ഉപജില്ല


Ph: 04902393240

Email: madiyambath@gmail.com


MADIYAMBATH M.L.P.S

MEKKUNNU

CHOKLI SUB DISTRICT

# അക്കാദമിക് മാസ്റ്റർപ്ലാൻ

# ആമുഖം

മേനപ്രം ചൊക്ളി ഒളവിലം പ്രദേശങ്ങളിലെ വിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനു വേണ്ടി 1906ൽ സ്ഥാപിച്ചതാണ് തലശ്ശേരി താലൂക്കിലെ ചൊക്ലി ഉപജില്ല യിലെ മേക്കുന്ന് മതിയമ്പത്ത് എം എൽ പി സ്കൂൾ, വിവിധ കാലങ്ങളിലായി അക്കാദമികവും ഭൗതികവുമായ പുരോഗമന പ്രവർത്തനങ്ങൾ ഈ വിദ്യാലയത്തിൽ നടന്നിട്ടുണ്ട്. ഈ അധ്യയനവർഷം (2025-2026) 1 മുതൽ 5 വരെ ക്ലാസ്സുകളിലായി 364 വിദ്യാർത്ഥികളും പ്രി പ്രൈമറിയിൽ 100 വിദ്യാർത്ഥികളുമായി പുരോഗതിയിലേക്ക് കുതിക്കുകയാണ്.കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ സാധ്യമല്ലാത്ത സാഹചര്യമായതിനാൽ മെയ് മാസത്തിൽ തന്നെ പ്രവേശനം നിർത്തിവെക്കേണ്ടി വരുന്നത് മികച്ച സൗകര്യവും ഗുണമേന്മയുള്ള വിദ്യാഭ്യാസവും നൽകുമ്പോൾ പൊതുവിദ്യാലങ്ങൾ പുരോഗതിയുടെ പാതയിലൂടെ കുതിച്ചുപായുമെന്നതിൻ്റെ അഭിമാനം നിറഞ്ഞ ഉദാഹരണ മാണ്. കലാ കായിക മേഖലകളിലും മൽസര പരീക്ഷകളിലും മികവ് തെളിയിക്കുന്നവ രായി മുഴുവൻ വിദ്യാർത്ഥികളെയും മാറ്റുന്നതിനു വേണ്ടിയുള്ള നിരന്തര പരിശീലനവും കൂടിയാകുമ്പോൾ ഈ വിദ്യാലയത്തിൻ്റെ പ്രവർത്തനം പരിപൂർണ്ണതയിലെത്തുമെന്ന് തന്നെയാണ് നമ്മുടെ കാഴ്ച്ചപ്പാട്.

എം. എൽ. എ യും എഴുത്തുകാരനും പത്രപ്രവർത്തകനും പ്രഭാഷകനുമൊക്കെയായിരുന്ന എൻ എ എം പെരിങ്ങത്തൂർ എന്നറിയപ്പെട്ട എൻ.എ മമ്മുഹാജി ഈ വിദ്യാലയത്തിൻ്റെ പ്രധാനധ്യാപകനായും മാനേജരായും പ്രവർത്തിച്ചിരുന്നു മതിയമ്പത്ത് പള്ളി മഹല്ല് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്ന ഈ വിദ്യാലയത്തിൻറെ മാനേജറായി എൻ എ എം ന് ശേഷം മകൾ സക്കീനയും പിന്നീട് ജംഇയ്യത്തുൽ ഇസ്ലാം സംഘം ( മതിയമ്പത്ത് പള്ളി മഹല്ല് കമ്മിറ്റി ) യുടെ പ്രതിനിധികളു മാണ് മാനേജരായി വന്നത്. തളിപ്പറമ്പ് സർസയ്യിദ് ഇൻസ്റ്റിറ്റ്യൂട്ട്,കൂത്തുപറമ്പ് എം ഇ എസ് കോളേജ് എന്നിവിടങ്ങളിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിരുന്ന പ്രൊഫസർ എം.കെ സാഹിറാണ് ഇപ്പോൾ ഈ വിദ്യാലയത്തിൻ്റെ മാനേജർ മതിയമ്പത്ത് സ്കൂളിൻ്റെ പുരോഗമന പ്രവർത്തനങ്ങളിൽ മാനേജ്മെൻ്റ്"കമ്മിറ്റി എന്നും ജാഗരൂക രാണ്. 2006 ൽ സ്കൂളിൻ്റെ 100-ാം വാർഷികം ഗ്രാമോൽസവമായി മാറിയത് ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെട്ട് കിടക്കുകയാണ്. ഓരോ വർഷവും വൈവിധ്യമാർന്ന പരിപാടികളോടെ സ്കൂളിൽ ക്യാമ്പുകളും ശില്പശാലകളും നടന്നു വരാറുണ്ട്.

ലാംഗ്വിജ് ലാബ്,ഗണിതലാബ് എന്നിവയും ഒരുക്കേണ്ടത് കാലോജിതമായ ആവശ്യമാ ണ്.കുട്ടികളുടെ അഡ്മിഷൻ കൂടുന്നതിനാൽ രണ്ടാം നില പണിതിട്ടും വളരെ നേരത്തെ അഡ്മിഷൻ നിർത്തി വെക്കേണ്ടി വരുന്ന അവസ്ഥ പരിഹരിക്കാൻ എല്ലാ ക്ലാസ്സുകളും മൂന്നാമത് ഡിവിഷൻ തുടങ്ങാൻ സൗകര്യപ്രദമായ പുതിയ കെട്ടിടം പണിയേണ്ടിവരും,വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് അധ്യാപകർ ഒഴിച്ചുകൂ ടാൻ പറ്റാത്ത ഘടകമാണെങ്കിലും അധ്യാപകരുടെ നിയമനം അംഗീകരിക്കാത്തത് വലിയ പ്രതിസന്ധിയായ് നിലനിൽക്കുന്നു.

| മുഴുവൻ സമയ അധ്യാപകരുടെ എണ്ണം | നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകർ | ക്ലാസ്സുകൾ ഡിവിഷനടക്കം |
|---|---|---|
| 14 | 3 | 11 |

<u>വിദ്യാർത്ഥികളുടെ എണ്ണം</u>

| CLASS | BOYS | GIRLS | TOTAL |
|---|---|---|---|
| 1 | 41 | 31 | 72 |
| 2 | 35 | 45 | 84 |
| 3 | 43 | 43 | 86 |
| 4 | 28 | 34 | 62 |
| 5 | 29 | 35 | 64 |
| TOTAL | 177 | 187 | 368 |

| PRE-PRIMARY | |
|---|---|
| | TOTAL |
| LKG | 54 |
| UKG | 46 |
| TOTAL | 100 |

കഴിഞ്ഞ 6 അധ്യയനവർഷങ്ങളിൽ തുടർച്ചയായി എൽ.എസ്.എസ് പരീക്ഷയിൽ മികച്ച വിജയം നേടാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചത് ഏറെ അഭിമാനകരമാണ്. ഒന്നാം ക്ലാസ്സിൽ കുട്ടികളെ ചേർക്കുന്നതിന് വീടു വീടാന്തരം കയറിയിറങ്ങിയിട്ട് പരമാവധി പത്തോ പതിനഞ്ചോ വിദ്യാർത്ഥികൾ അഡ്മിഷൻ നേടിയിടത്ത് മുഴുവൻ ക്ലാസ്സുകളും രണ്ട് ഡിവിഷനുകളായിട്ടും ഒരു ക്ലാസ്സ് മൂന്ന് ഡിവിഷനുകളായിട്ടും അഡ്മിഷൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകാൻ സാധിക്കാത്തതാണ് ഞങ്ങളെ പ്രയാസപ്പെടുത്തുന്നത്. 2016 ജനുവരിയിൽ പുതിയ കെട്ടിടത്തിന് ശിലാ സ്ഥാപനം നടത്തുകയും 2017 നവംബർ 24 ന് ബഹു.കേരള വിദ്യാഭ്യാസ വകുപ്പ് മന്ത്രി ശ്രീ . സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്തപ്പോൾ മേക്കുന്ന് ഗ്രാമത്തിന്റെ മുഖച്ഛായ തന്നെ മാറുകയായിരുന്നു.

## പൊതുലക്ഷ്യങ്ങൾ

1. കുട്ടികൾക്ക് വിനോദത്തിനും കായികക്ഷമത വികാസത്തിനുമായി മാനേജ്മെന്റ സഹകരണത്തോടെ കിഡ്സ് പാർക്ക് നിർമ്മാണം
2. 1 മുതൽ 5 വരെ ക്ലാസ്സുകളിൽ ഓരോ കുട്ടിയും നേടേണ്ട ശേഷികളും ധാരണകളും ഓരോ കുട്ടിയുടെ കഴിവിനനുസരിച്ച് പരമാവധി നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
3. എല്ലാ കുട്ടികൾക്കും എല്ലാ മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗാത്മകത പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കുക.
4. അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിവാവശ്യമായ പഠനോപകരണങ്ങൾ , ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.
5. സ്കൂൾ ലൈബ്രറി,ക്ലാസ്സ് ലൈബ്രറി, ലബോറട്ടറി എന്നിവ ആധുനികവൽക്കരിച്ച് പഠന പ്രക്രിയയുടെ ഭാഗമാക്കുക . ലഘു പഠനയാത്രകൾ , പഠനക്യാമ്പുകൾ , ശിൽപശാലകൾ , വിദഗ്ദ്ധരുടെ ക്ലാസ്സുകൾ , സെമിനാറുകൾ ,പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
6. പ്രത്യേക പരിഗണന അർക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

7. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക.

8. ഐടി അധിഷ്ഠിതമായ ക്ലാസ്സ് മുറികളുടെ അക്കാദമിക മികവിലേക്കെത്തിക്കുക , ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പരമ്പരാഗത പഠനരീതിയിൽ മാറ്റം വരുത്തുക.

9. കലാ പഠനത്തിന് കൂടുതൽഅവസരങ്ങൾ കൊടുക്കുക. കലാപരമായ കഴിവ് വളർത്തുകയും ചിത്രകലയുടെ സാധ്യത പ്രയോജനപ്പെടുത്തുകയും ചെയ്യുക.

10. ലൈബ്രറി പ്രവർത്തനത്തിലൂടെ എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.

11. സ്കൂളിൽ നടക്കുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ സമൂഹത്തിലെത്തിക്കുക

12. കൂടുതൽ അറിയുവാനും ചിന്തിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തുക

13. സാമൂഹ്യ ശാസ്ത്ര പഠനം രസപ്രദവും ഫലപ്രദവുമായി മാറുക.

14. കുട്ടിയിൽ ശാസ്ത്രാവബോധം വളർത്തുക.

15. ഗണിത പഠനം രസകരമാക്കുക

16. കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുക

17. സ്കൂൾ പ്രവർത്തനങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പിക്കുക

18. ചരിത്രാവബോധം വളർത്തുക

19. കഴിഞ്ഞകാല ചരിത്ര വസ്തുതകളെ അറിയാനുള്ള അവസരം

20. ചരിത്രകാലങ്ങൾ താരതമ്യം

അവസ്ഥാവിശകലനം

വളരെ മനോഹരവും ആധുനികവുമായ കെട്ടിടമാണ് ഇപ്പോൾ വിദ്യാലയത്തിനുള ളത്. സംസ്ഥാനത്ത് തന്നെ ഏറ്റവും മികച്ച പൊതുവിദ്യാലയ കെട്ടിടങ്ങളിലൊന്നാണ് നമ്മുടെ സ്കൂളിനുള്ളതെന്ന കാര്യം അഭിമാനകരമാണ്. വിദ്യാർത്ഥികളുടെ എണ്ണത്തിലും വർദ്ധനയുണ്ട്.12 ക്ലാസ്സ് മുറികളും ,ഓഫീസ് റൂം ,കിച്ചൺ ,ലൈബ്രറി,ഡൈനിങ് ഹാൾ സൗകര്യങ്ങളും ഉണ്ട്. ലബോർട്ടറി സ്റ്റേജ് കം ഓഡിറ്റോറിയം ,കംപ്യൂട്ടർ ലാബ് ,എല്ലാ ക്ലാസ്സു കളിലും പ്രൊജക്റ്റർ എന്നിവ അത്യാവശ്യമാണ്.

# മലയാളം

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| 1 | * അക്ഷരത്തെറ്റുകൾ പരിഹരിക്കൽ | 1. ചിത്രങ്ങൾ കാണിച്ച് പേരെഴുതൽ<br>2. അക്ഷരക്കാർഡിലും പദനിർമ്മാണം<br>3. ചിത്രങ്ങൾക്ക് അടിക്കുറിപ്പ് നൽകൽ.<br>4. വാക്കുകളും ചിത്രങ്ങളും ചേർന്ന കഥയുടെ ബാക്കി പറയലും എഴുതലും. | JUNE<br>JULY | SRG<br>കൺവീനർ<br>ക്ലാസ്<br>അധ്യാപകർ | SSA<br>BRC |
| | * വ്യവഹാരങ്ങളെ കുറിച്ചുള്ള ധാരണ | 1. വായനക്കുറിപ്പ് തയ്യാറാക്കൽ<br>2. വിവിധ വ്യവഹാരങ്ങളടങ്ങിയ പൊതു പുസ്തകങ്ങൾ വായിക്കാൻ അവസരം നൽകുന്നു.<br>3. കഥാകാരന്മാരെ കുറിച്ചും കവികളെ കുറിച്ചുമുള്ള വീഡിയോകൾ പ്രദർശിപ്പിച്ച് അവരുടെ കൃതികൾ വായിക്കാനുള്ള താൽപര്യം വളർത്തുന്നു.<br>4. വിവിധ വ്യവഹാരങ്ങൾ ശില്പശാല നടത്തൽ. | Aug<br>to<br>Oct | ക്ലാസ്<br>അധ്യാപകർ | SSA<br>BRC |

# മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | ലൈബ്രറി വിപുലീകരണം | 1. പുസ്തകപ്പയറ്റ്<br>2. ക്ലാസ് ലൈബ്രറി സംവിധാനിക്കൽ<br>3. വീടുകളിൽ നിന്ന് പുസ്തക ശേഖരണം<br>4. അമ്മ വായന<br>5. സംഘ വായന<br>6. വായന മത്സരം<br>7. വായനക്കുറിപ്പ് മത്സരം<br>8. ലൈബ്രറി സന്ദർശനം | Aug to Oct | SRG/ STAFF | SSA<br>BRC<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾ |
| | വിദ്യാരംഗം ശാക്തീകരണം | * സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ.<br>* സാഹിത്യശിൽപശാല.<br>* പുസ്തകങ്ങൾ പരിചയപ്പെടുത്തൽ.<br>* ബാലസഭ.<br>* മാസത്തിലൊരു ദിവസം സാഹിത്യകാരന്മാരുമായി അഭിമുഖം.<br>* ഇൻലാൻഡ് മാഗസിൻ.<br>* നാടൻപാട്ട് ശിൽപശാല.<br>* സ്വന്തം രചനകൾ പരിചയപ്പെടുത്തൽ.<br>* കൈയെഴുത്ത് മാസിക ശിൽപശാല. | Aug to Oct | പി.ടി.എ<br>അദ്ധ്യാപകർ | പി.ടി.എ<br>SSA<br><br>1000 |

## മലയാളം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | ദിനാചരണങ്ങൾ | * വ്യക്തികളെ കുറിച്ചും സംഭവങ്ങളെകുറിച്ചുമുള്ള പ്രദർശനങ്ങൾ.<br>* അഭിമുഖങ്ങൾ.<br>* ശേഖരണം.<br>* ക്വിസ് മത്സരം.<br>* പതിപ്പ് തയ്യാറാക്കൽ.<br>* കൊളാഷ്. | Oct to Dec | അദ്ധ്യാപകർ | PTA |
| | ഇ - വായന | ഇന്റർനെറ്റ് വഴി പ്രധാന കൃതികൾ വായിക്കാനവസരം നൽകുന്നു | Jan | SRG | SSA<br>BRC<br>PTA |

## ENGLISH

| Aim | Activities | Periods | Responsiblity | Support |
|---|---|---|---|---|
| Reading/ Writing Without Spelling mistakes. | Stories - Rhyme<br>Every monday - All classes gernes time to read a story.<br>Friday - A Rhyme | whole year | All Teachers | BRC<br>PTA |
| | News - Roudly announces English news headlines | whole year | Class Teachers | SRG |
| | English Assembly - Every thursday conducts english assembly - | Once in week | | |
| | Pledge, Speach, Book Review - in English, Introduces any poem of story written by the children. | whole year | All Teachers | SRG |
| | English skit -related to lessons / any subject one in month. | whole year | English Club | SRG<br>PTA |
| | Cartoom cenemas relating class room lessons/ activities. | | Class Teachers | SRG<br>PTA |
| | English Quiz | whole year | Class Teachers | SRG |

## ENGLISH

| Aim | Activities | Periods | Responsiblity | Support |
|---|---|---|---|---|
| Introduces Question making | Once in month [Correct affairs] Every day every children untill make a question collects all questions and make question bank. | whole year | All Teachers | PTA |
| | English magazine once in month. Poems stories, peetares, cartoons, bleaders quotergs, wouter's, quoterings.... | whole year | Class Teachers | BRG |

മേഖല : അക്കാദമികം    ഉപമേഖല : അറബിക്

ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബിഭാഷ പഠിക്കാനും വായിക്കാനും എഴുതാനും, അനായാസം സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വളർത്തേണ്ടത് അത്യാവശ്യമാണ്. മുഴുവൻ കുട്ടികളെയും അറബിഭാഷയിലേക്ക് ആകർഷിക്കാൻ വായന, എഴുത്ത്, കഥ എന്നീ മേഖലകൾ ഉപയോഗിച്ച് ലക്ഷ്യത്തിലേക്ക് എത്തിക്കാൻ അനിവാര്യമാണ്.

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സ്രോതസ് |
|---|---|---|---|---|---|---|
| മികവിന്റെ മാർഗം | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | മുന്നറിവ് പരിശോധിക്കൽ അക്ഷരങ്ങളുറപ്പിക്കൽ, വാചകങ്ങൾ നിർമ്മിക്കൽ. | I - IV | 2 മാസം | അറബിക് ടീച്ചർ | |
| വായനാ വസന്തം | * കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ.<br>* ഭാഷാശേഷി വർദ്ധിപ്പിക്കൽ. | * ചിത്രം, ചിത്രകഥാപുസ്തകം, അക്ഷര ചാർട്ടുകൾ, കാർഡുകൾ<br>* വായനാമത്സരം, കുറിപ്പുകൾ തയ്യാറാക്കൽ, കഥ, കവിത പുസ്തകങ്ങൾ ലഭ്യമാക്കി അവ വായിക്കാനുള്ള അവസരം ഒരുക്കൽ. | I - IV<br>V | 6 മാസം | അറബിക് ടീച്ചർ | PTA |
| എഴുത്ത് | * കുട്ടികൾക്ക് അനായാസം എഴുതാനുള്ള കഴിവ്.<br>* നല്ല എഴുത്തുകാരനാകൽ | * അക്ഷരകാർഡ് നിർമ്മാണം<br>* ക്ലാസ് മാസിക നിർമ്മാണം<br>* ചുമർ പത്രിക<br>* വായനാകാർഡ്<br>* വായനാകുറിപ്പ് | I, II<br>V<br>III<br>III - V<br>V | 1 മാസം<br>6 മാസം<br>1 മാസം<br>3 മാസം | SRG<br>PTA<br>അറബിക് ടീച്ചർ | |

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സ്രോതസ് |
|---|---|---|---|---|---|---|
| | * അക്ഷരം തിരിച്ചറിയാനുള്ള കഴിവ്.<br>* വാചകം എഴുതാനുള്ള കഴിവ് | * പോസ്റ്റർ നിർമ്മാണം<br>* കയ്യെഴുത്ത് മാഗസിൻ | V<br>III | 3 മാസം | | |
| ആസ്വാദനം | * പാടാനും പറയാനും പറ്റുന്ന കുട്ടികളെ കണ്ടെത്തി മറ്റുള്ളവർ അവരെ ശ്രദ്ധിക്കാനുള്ള അവസരം സൃഷ്ടിക്കൽ | * രണ്ടാഴ്ചയിൽ ഒരിക്കൽ "ആസ്വാദന സഭ" ചേരൽ<br>* മുൻകൂട്ടി പ്ലാൻ ചെയ്യൽ<br>* എല്ലാ കുട്ടികൾക്കും അവസരം കൊടുക്കൽ<br>* LCD ഉപയോഗിച്ച് മികച്ച കഥകളും കവിതകളും കേൾപ്പിക്കൽ | I | 1 വർഷം | | |
| മത്സരങ്ങൾ | * സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക.<br>* എല്ലാവരും വിജയി എന്ന നിലയിൽ സ്കൂളിൽ വ്യത്യസ്ത കാറ്റഗറിയിൽ മത്സരം നടത്തുക | * പദ നിർമ്മാണം<br>* പദപയറ്റ്<br>* മെമ്മറി ടെസ്റ്റ്<br>* ഖുർആൻ പാരായണം<br>* ക്വിസ്സ്<br>* കഥപറയൽ | | | | |
| ദിനാചരണം | * ദിനാചരണങ്ങളിൽ കുട്ടികളെ താത്പര്യമുള്ള വരാക്കാൻ വേണ്ടി | * പോസ്റ്റർ നിർമ്മാണം<br>* ശേഖരണം | V | | | |

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സ്രോതസ് |
|---|---|---|---|---|---|---|
| അറബിക് ആശയവിനിമയം | * സംസാരിക്കാനുള്ള കഴിവ് വർദ്ധിപ്പിക്കൽ | * അറബിക് പ്രസംഗങ്ങൾ, സംഭാഷണങ്ങൾ, കവിതകൾ, കഥകൾ എന്നിവ C.D, Intenet മുതലായവയുടെ സഹായത്തോടെ കുട്ടികൾക്ക് കേൾക്കാനുള്ള അവസരം ഉണ്ടാക്കുക. | IV | 2 വർഷം | HM<br>SRG<br>അറബിക് ടീച്ചർ | |
| അറബിക്ക് ഫെസ്റ്റ് | * അറബിക് ദിനത്തിലോ മറ്റോ ഒരു മുഴുവൻ സമയ അറബിക്ക് ഫെസ്റ്റ് നടത്തുക. | * ഉദ്ഘാടനം<br>* ആദരിക്കൽ<br>* സമ്മാനദാനം<br>* മികച്ച അറബിക് കലാ അവതരണം | | 2 വർഷം | | |
| ലാംഗ്വേജ് ലാബ് | * ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | * സ്മാർട്ട് ക്ലാസ്റൂം<br>* അറബിഭാഷാ സാഹിത്യ ശേഖരങ്ങൾ<br>* ചിത്രീകരണങ്ങൾ<br>* ആനിമേഷൻ | | 3 വർഷം | PTA<br>BRC<br>SRG<br>DIET<br>SMC<br>LSG | പൂർവ്വ വിദ്യാർത്ഥികൾ |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| ഗണിത ആശയങ്ങൾ നേടൽ<br>പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>അടിസ്ഥാന ആശയങ്ങൾ അറിയൽ | * അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു<br>* പ്രീടെസ്റ്റ് നടത്തുന്നു.<br>* റിസൾട്ട് എസ് ആർജിയിൽ അവതരിപ്പിക്കുന്നു.<br>* അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ മുൻക്ലാസുകളിലെ ശേഷികൾ കണക്കിലെടുത്തുകൊണ്ട് പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു.<br>* പഠനസൂത്രണം ഫലപ്രദമായി ചെയ്യുന്നു.<br>* മനഃകണക്ക്<br>* കുസൃതി കണക്ക്<br>* മാന്ത്രിക ചതുരം<br>* ഗണിതകേളി<br>* ഗണിത ക്വിസ്<br>* പാറ്റേൺ കണ്ടെത്താൻ | | ജൂൺ<br>ജൂൺ<br>ജൂൺ<br>ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് അധ്യാപകർ<br>SRG കൺവീനർ | വർക്ക്ഷീറ്റ് |

മേഖല : അക്കാദമികം ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| ഗണിത ക്ലബ്ബ് രൂപീകരണം | അതാതു ക്ലാസുകളിലെ പഠന നേട്ടങ്ങൾക്കനുസരിച്ച്, തുടർ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | | ജൂൺ മുതൽ മാർച്ച് വരെ | SRG | PTA |
| | * കുസൃതി കണക്കുകൾ ക്വിസ് മത്സരങ്ങൾ, പസ്സിലുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു. | | | SRG | |
| | * ഐസിടി സാധ്യത<br>* പഠനോപകരണങ്ങൾ കണ്ടെത്തുന്നു<br>* വിദഗ്ദരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | ജൂൺ | ICT അധ്യാപകർ<br>അധ്യാപകർ | |
| | * ഓരോ ക്ലാസിലേയും 1/4 ഭാഗം കുട്ടികളെ പങ്കെടുപ്പിച്ച് ഗണിത ക്ലബ്ബ് രൂപീകരിക്കുന്നു. | | ജൂൺ മാർച്ച് | SRG | |
| ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തുക | ഫോണ്ടസ്ട്രിഷോപ്പ്<br>വിദ്യാർത്ഥികൾക്കാവശ്യമായ വസ്തുക്കൾ വിൽക്കുന്ന കട ആരംഭിക്കുന്നു.<br>വില പ്രദർശിപ്പിക്കുന്നു.<br>ആവശ്യമായ സാധനങ്ങൾ കുട്ടികൾ തെരഞ്ഞെടുത്ത് വില നൽകുന്നു. ബാക്കി വരുന്നുണ്ടെങ്കിൽ കുട്ടികൾ കണക്ക് കൂട്ടി എടുക്കുന്നു. | | ജൂൺ മാർച്ച് | ക്ലാസ് അധ്യാപകർ | PTA SRG |

മേഖല : അക്കാദമികം ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| ഗണിതത്തിലെ സർഗാത്മകതയും, ഭാവനയും മെച്ചപ്പെടുത്തൽ | ഗണിത മാസിക<br>ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് തലത്തിൽ ഗണിതമാസിക തയ്യാറാക്കുക | | ജൂൺ ഒക്ടോബർ | ഗണിത ക്ലബ്ബ് അംഗങ്ങൾ | SRG ഗണിത വിദഗ്ദർ |

മേഖല : അക്കാദമികം   ഉപമേഖല : പരിസരപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | ഔഷധ വൈവിധ്യങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് | കനകമലയിലേക്ക് പഠനയാത്ര<br>വിവിധ ഔഷധ സസ്യങ്ങളെ കണ്ടെത്തുന്നു.<br>ഔഷധസസ്യങ്ങളെ കുറിച്ചുള്ള പതിപ്പ് തയ്യാറാക്കുന്നു.<br>വിദഗ്ദരുമായി അഭിമുഖം നടത്തുന്നു. | JUNE to October | EVS/ സയൻസ് അദ്ധ്യാപകർ | SRG PTA നാട്ടുകാർ വിദഗ്ദർ |
| | വിവിധ പക്ഷികളെ കുറിച്ചും പക്ഷികളുടെ പ്രത്യേകതകളെ കുറിച്ചും തിരിച്ചറിവ് | പക്ഷിനിരീക്ഷണത്തെ പറ്റി ക്ലാസ്<br>സലീം അലി ഡോക്യുമെന്ററി പ്രദർശനം<br>പക്ഷി നിരീക്ഷണം നടത്തണൽ. | Sept to Nov | SRG | PTA പക്ഷി നിരീക്ഷകർ |
| | ശാസ്ത്രാഭിമുഖ്യം വളർത്തൽ | * ലാബ് ശാക്തീകരണം<br>* ലാബിലേക്ക് ആവശ്യമായ സാധനങ്ങൾ ഒരുക്കൽ<br>* ലഘു പരീക്ഷണം ശിൽപശാല<br>* "ശാസ്ത്രരസം വീട്ടിനു ചുറ്റും"<br>* പഠനയാത്ര - സയൻസ് പാർക്ക്<br>സയൻസ് കോർണർ. സയൻസ് സംബന്ധമായ മുഴുവൻ കാര്യങ്ങളും പ്രദർശിപ്പിക്കുക.<br>ചുമർ മാഗസിൻ -പതിപ്പ്. | June to March<br><br>January | SRG STAFF | മാനേജ്മെന്റ് PTA BRC SSA |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | കാർഷിക മേഖലയോടുള്ള താൽപര്യം | * കാർഷിക ക്ലബ്ബ് രൂപീകരണം<br>* കൃഷിഭവനുമായി അഭിമുഖം<br>* കർഷകശ്രീയെ ആദരിക്കൽ<br>* കൃഷി ഗ്രൂപ്പ് തിരിച്ച് ഓരോ ഗ്രൂപ്പും ഓരോയിനം കൃഷി ചെയ്യുന്നു. | JUNE to Sept | SRG EVS/ മലയാളം അധ്യാപകർ | STAFF PTA SSA |
| | ജൈവ വൈവിധ്യങ്ങളെകുറിച്ചുള്ള അവബോധം | * സ്കൂൾ പരിസരത്തെ ജൈവവിധങ്ങളെ കുറിച്ചുള്ള സർവ്വേ നടത്തുകയും രജിസ്റ്റർ തയ്യാറാക്കലും. | JUNE | പരിസ്ഥിതി ക്ലബ്ബ് SRG EVS/ സയൻസ് അധ്യാപകർ | STAFF PTA |
| | ജലം സാക്ഷരത | ജലം അമൂല്യമാണെന്ന സന്ദേശവുമായി പോസ്റ്റർ രചന<br>ജലസംരക്ഷണം എങ്ങിനെ സെമിനാർ.<br>വിവിധ ഉപയോഗങ്ങൾക്ക് ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് സർവെ.<br>മഴക്കുഴികൾ നിർമ്മാണം<br>പരിസ്ഥിതി ക്ലബ്ബ് രൂപീകരണം | JUNE to Aug | | |
| | ഭൂപടം നിർമ്മാണം | * ഭൂപടങ്ങൾ പരിചയപ്പെടുത്തുക<br>* ഭൂപടങ്ങൾ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചർച്ച.<br>* സ്കൂൾ - വീട് ഭൂപടം കൊളാഷ് | Sept to Dec | EVS/ സയൻസ് അധ്യാപകർ | SRG PTA |

മേഖല : അക്കാദമികം

ഉപമേഖല : ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദിവാക്യങ്ങൾ വായിക്കാൻ സാധിക്കണം. | * ഹിന്ദി പുസ്തകങ്ങൾ സമാഹരിച്ചു കൊണ്ട് ഹിന്ദി ഗ്രന്ഥശാല ഒരുക്കും.<br>* വിലയ അക്ഷരങ്ങളോടു കൂടിയതും വർണ്ണചിത്രങ്ങളോട് കൂടിയതുമായ ലളിതമായ ഹിന്ദിബുക്കുകൾ, ചിത്രകഥകൾ, ബാലമാസികകൾ എന്നിവ പരിചയപ്പെടുത്തുന്നു.<br>* ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി വായനാ കാർഡുകൾ തയ്യാറാക്കൽ<br>* പഴങ്ങൾ, പച്ചക്കറികൾ എന്നിവയുടെ പേരുകൾ, ചിത്രങ്ങൾ കണ്ടെത്തി ആൽബം തയ്യാറാക്കൽ.<br>* ഹിന്ദി ബാലഗീതങ്ങൾ ശേഖരിച്ച് വായിച്ച് കൊടുക്കൽ. | ജൂൺ മുതൽ ഒക്ടോബർ വരെ | ക്ലാസ് ടീച്ചർ | BRC |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി എഴുതാൻ സാധിക്കും | * ഓരോ ക്ലാസ്സിലും പ്രദർശിപ്പിക്കുന്നതിനായി ചുമർപത്രിക തയ്യാറാക്കുക. ഹിന്ദിയിൽ പാടാനും, പറയാനും, എഴുതാനും കഴിവ് വർദ്ധിപ്പിക്കുന്നതിനായി കവിതാരചന, കവിതാപാരായണം എന്നിവ സംഘടിപ്പിക്കുക.<br>* ഹിന്ദി പഠനത്തിന് സഹായകരമായി ലഭിക്കുന്ന വിവിധ ദൃശ്യങ്ങൾ ശ്രവ്യസാമഗ്രികൾ എന്നിവ കമ്പ്യൂട്ടറിന്റെ സഹായത്തോടെ വിദ്യാർത്ഥികളുടെ മുന്നിൽ അവതരിപ്പിക്കുക. | നവംബർ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | BRC |

## ഉപമേഖല - കലാകായികം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | കലാപരമായ കഴിവുകൾ വികസിപ്പിക്കൽ | * പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വരയ്ക്കുന്നു. I, II, III, IV<br>* ചിത്രരചനാ ശിൽപശാല കുട്ടികളുടെ ചിത്രകലാ പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ<br>ഒക്ടോബർ നവംബർ ഫെബ്രുവരി | ക്ലാസധ്യാപകർ | PTA 1000<br>PTA 1000 |
| | സർഗാത്മകത | * നാടകപരിശീലനം. പാഠഭാഗങ്ങളിലെ സന്ദർഭങ്ങളെ കഥാനാടകമാക്കൽ.<br>* ചിത്രരചനാ ശിൽപശാല കുട്ടികളുടെ ചിത്രകലാ പ്രദർശനം | | | |
| | ശാരീരിക ക്ഷമത വർദ്ധിപ്പിക്കൽ | * മാസ്ഡ്രിൽ.<br>* കരാട്ടെ പരിശീലം, യോഗ | മാസത്തിൽ ഒന്ന്<br>വർഷത്തിൽ മുഴുവൻ | അധ്യാപകർ<br>വിദഗ്ദർ | PTA<br>PTA 3000 |

## ഉപമേഖല - സാമൂഹ്യശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | നാടിനെ അറിയൽ | * സ്വന്തം പ്രദേശത്തെ വ്യക്തികളുമായി അഭിമുഖം സംഘടിപ്പിക്കൽ.<br>* അഭിമുഖക്കുറിപ്പ് തയ്യാറാക്കൽ.<br>* പ്രാദേശിക ചരിത്രം തയ്യാറാക്കൽ.<br>* പ്രദേശത്തെ പ്രമുഖ വ്യക്തികൾ സ്ഥാപനങ്ങൾ, സ്ഥലങ്ങൾ എന്നിവ കണ്ടെത്തി വിവര ശേഖരണം നടത്തി പ്രദേശത്തെ ഭൂപടം തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | SSA<br>BRC<br>PTA |
| | രാജ്യസ്നേഹം വളർത്തൽ | * ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനികളെ കുറിച്ചുള്ള സി.ഡി. പ്രദർശനം<br>* സ്വാതന്ത്ര്യസമര സേനാനികളുടെ ചിത്രം ശേഖരിച്ച് ആൽബം തയ്യാറാക്കുക.<br>* ചരിത്ര സ്മാരകങ്ങൾ ഉൾപ്പെടുത്തി സി.ഡി. പ്രദർശനം നടത്തുക.<br>* ചരിത്ര സ്മാരകങ്ങൾ സന്ദർശനം നടത്തൽ<br>* ചരിത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ പരിചയപ്പെടുത്തൽ | ആഗസ്റ്റ് | Social Club | BRC<br>PTA<br>Ward member |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | പൊതുസ്ഥാപനങ്ങൾ പരിചയ പ്പെടുത്തൽ.<br>ഭരണ സംവിധാനങ്ങൾപരിചയ പ്പെടുത്തൽ | * വില്ലേജ് ഓഫീസ്, പഞ്ചായത്ത് എന്നിവി ടങ്ങളിൽ സന്ദർശനം നടത്തി കാര്യങ്ങൾ നേരിട്ട് മനസ്സിലാക്കുന്നു.<br>* പഞ്ചായത്ത് പ്രസിഡന്റുമായി അഭിമുഖം നടത്തി. അഭിമുഖകുറിപ്പ് തയ്യാറാക്കൽ. | സപ്തംബർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | PTA<br>വാർഡ് മെമ്പർ |
| | ചരിത്രബോധം വളർത്തൽ | * തലശ്ശേരി കോട്ടയുടെ ചരിത്രം, പൈതൃകം എന്നിവ മനസ്സിലാക്കുന്നതിന് കോട്ട സന്ദർ ശനം നടത്തൽ.<br>* കോട്ടയെക്കുറിച്ച് വിവരണം തയ്യാറാക്കൽ.<br>* വിദ്യാലയത്തിന്റെ പരിസരപ്രദേശത്തുള്ള കനകമല സന്ദർശിച്ച് ചരിത്രം മനസിലാക്കി കുറിപ്പ് തയ്യാറാക്കൽ. | സപ്തംബർ<br><br>സപ്തംബർ | HM<br>Class<br>Teacher | PTA |
| | തൊഴിലിന്റെ മഹത്വം മനസ്സിലാ ക്കൽ<br>കൃഷിയെ കുറിച്ചറിയൽ | * വിദ്യാലയത്തിന്റെ സമീപ പ്രദേശത്തുള്ള കനകമല താഴ്വാരത്തുള്ള മൺപാത്രനിർ മ്മാണ കേന്ദ്രം സന്ദർഷിച്ച് വിവരശേഖരണം നട ത്തുന്നു. നിർമ്മാണ രീതി മനസ്സിലാക്കുന്നു. | ഒക്ടോബർ | PTA Social Club | PTA |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | | * കൃഷിക്കാരിയോജ്യമായ ഭൂമിശാസ്ത്രഘടകങ്ങളാണ് കേരളത്തിലേതെന്ന് മനസ്സിലാക്കുന്നതിനായി കൃഷിസ്ഥലങ്ങളിലും വയലിലേക്കും ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു. പഴയകാല കർഷകനുമായി അഭിമുഖം നടത്തുന്നു.<br>* വിവിധയിനം വിത്തിനങ്ങൾ ശേഖരിച്ച് ശേഖരണ പുസ്തകത്തിൽ ഒട്ടിക്കുക.<br>* വിത്തിനങ്ങൾ കാർഷിക ഉപകരണങ്ങൾ എന്നിവയുടെ പ്രദർശനം സംഘടിപ്പിക്കൽ | നവംബർ | | |
| | അവകാശങ്ങളെ കുറിച്ചറിയൽ | * മനുഷ്യാവകാശങ്ങളെ കുറിച്ചുംവിവരണം നൽകുന്ന വീഡിയോ പ്രദർശിപ്പിക്കുന്നു.<br>* മനുഷ്യാവകാശ ദിനാചരണം നടത്തുന്നു | ഡിസംബർ | Class Teacher | Local leaders (Freedom Fighters) |
| | ജനാധിപത്യബോധം വളർത്തുന്നതിന് | * ഇന്ത്യൻ ഭരണഘടനയെകുറിച്ചും ജനാധിപത്യ ഇന്ത്യയെ കുറിച്ചും വിവരശേഖരണം നടത്തുന്നു.<br>* റിപ്പബ്ലിക്ക് ദിനാചരണം നടത്തുന്നു.<br>* ഭരണ കേന്ദ്രങ്ങൾ സന്ദർശനം (പഞ്ചായത്ത്/കലക്ടറേറ്റ്) | ഡിസംബർ | Class Teacher SRG - Group | Ward member PTA |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം/ പിന്തുണ |
|---|---|---|---|---|---|
| | * സാംസ്ക്കാരിക മൂല്യങ്ങൾ വളർത്തുന്നതിന് | * പ്രാദേശികമായ ഉത്സവങ്ങളിൽ പങ്കെടുക്കുവാൻ അവസരം നൽകുക. (കണ്ടോത്ത് തിറ, പൂവുള്ളതിൽ തിറ) തെയ്യം, തിറ എന്നിവ നേരിട്ട് കാണുകയും വിവരണം തയ്യാറാക്കുകയും ചെയ്യുന്നു. വ്യത്യസ്തമത വിഭാഗങ്ങളുടെ ആഘോഷങ്ങളിൽ പങ്കെടുക്കുകയും ആഘോഷങ്ങളുടെ സാമ്യവ്യത്യാസങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു. | ജനുവരി ഫെബ്രുവരി | PTA | BRC<br>PTA |
| | * സാമൂഹിക ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | * വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസങ്ങളിലെയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | PTA |